LIBRARY ARCHIVES Kerala Legislative Assembly

സ്വാശ്രയഫീസ് ഘടനയെ സംബന്ധിച്ച ജസ്റ്റിസ് തോമസ് കമ്മിറ്റി റിപ്പോർട്ട്

*5 [124] ശ്രീ. ടി. കെ. ദേവകുമാർ:

,, കെ. രാധാകൃഷ്ണൻ:

ഡോ. തോമസ് ഐസക്:

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ പ്രൊഫഷണൽ സ്ഥാപനങ്ങളിലെ ഫീസ് ഘടനയും പ്രവേശനവും സംബന്ധിച്ച വിഷയങ്ങൾ പഠിക്കുന്നതിന് നിയോഗിച്ച ജസ്റ്റിസ് കെ. ടി. തോമസ് കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ റിപ്പോർട്ടിലെ ഏതെല്ലാം നിർദ്ദേശങ്ങൾ ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്;

(സി) സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾ ലാഭകരമല്ലാതെയാണ് പ്രവർത്തിക്കുന്നത് എന്ന് ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ പ്രവേശനത്തിന് ക്യാപ്പിറ്റേഷൻ ഫീസ് വാങ്ങുന്നില്ലായെന്ന് ഉറപ്പുവരുത്താൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ) ഉണ്ട്.

(ബി) പ്രവേശന ഫീസ് സംബന്ധിച്ച് ജസ്റ്റിസ് കെ. ടി. തോമസ് കമ്മിറ്റിയുടെ തീരുമാനങ്ങൾക്ക് സർക്കാരിന്റെ അംഗീകാരം ആവശ്യമില്ല.

(സി—ഇ) സ്വാശ്രയ പ്രൊഫഷണൽ സ്ഥാപനങ്ങളിലെ ഫീസ് ഘടനയും പ്രവേശനവും സംബന്ധിച്ച സുപ്രീംകോടതി വിധിയുടെ ചില ഭാഗങ്ങളും ജസ്റ്റിസ് കെ. ടി. തോമസ് കമ്മിറ്റിയുടെ തീരുമാനങ്ങളും സർക്കാരിന് സ്വീകാര്യമായില്ല. അതിനാൽ ഈ വിഷയത്തെ സംബന്ധിച്ച് സമഗ്രമായ നിയമ നിർമ്മാണം നടത്തുന്നതിനുള്ള അടിയന്തിര നടപടി എടുത്തുവരുന്നു.

ലോകബാങ്ക് വായ്പ ഉപയോഗിച്ചുള്ള റോഡ് വികസന പദ്ധതി

*6 [125] ശ്രീ. പി. ജയരാജൻ:

,, സാജുപോൾ:

,, എം. വി. ഗോവിന്ദൻ മാസ്റ്റർ:

,, എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകബാങ്ക് വായ്പ ഉപയോഗിച്ചുള്ള റോഡ് വികസന പദ്ധതി പ്രകാരം ഏതെല്ലാം റോഡുകളുടെ വികസന പ്രവർത്തനങ്ങളാണ് ഇപ്പോൾ ആരംഭിച്ചിട്ടുള്ളത്;

(ബി) ഈ റോഡുകളുടെ പ്രവർത്തന പുരോഗതി വെളിപ്പെടുത്തുമോ;

(സി) റോഡുകളുടെ വികസനത്തിനാവശ്യമായ സ്ഥലമെടുപ്പ് പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് പൂർത്തിയാകും;

(ഡി) ഇപ്പോൾ ആരംഭിച്ചിട്ടുള്ള വികസന പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തിയാകും;

(ഇ) ലോകബാങ്ക് പദ്ധതി പ്രകാരം അടുത്ത ഘട്ടങ്ങളിൽ വികസന പ്രവർത്തനങ്ങൾ ആരംഭിക്കുന്ന റോഡുകൾ ഏതെല്ലാമാണ്; ഇവയുടെ നിർമ്മാണ പ്രവർത്തനം എന്നു മുതൽ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ):

(എ) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.† ഈ പദ്ധതിയുടെ 1, 2 ഘട്ടങ്ങളിൽ ഉൾപ്പെട്ട റോഡുകളുടെ വികസന പ്രവർത്തനങ്ങൾ ത്വരിത ഗതിയിൽ നടന്നുവരുന്നു.

(ബി)

	മെയിന്റനൻസ് വിഭാഗം	*അപ്ഗ്രഡേഷൻ വിഭാഗം*
ഒന്നാം ഘട്ടം	പണികൾ പൂർത്തിയായി	പണികൾ പുരോഗമിച്ചു വരുന്നു.
രണ്ടാം ഘട്ടം	60 ശതമാനം പണികൾ പൂർത്തിയായി	ടെണ്ടർ നടപടികൾ പൂർത്തിയായി വരുന്നു.

(സി) 2005 ജൂണിനകം പൂർത്തിയാകുംവിധം സ്ഥലമെടുപ്പ് നടപടികൾ നടന്നുവരുന്നു.

(ഡി) 2007-ൽ.

(ഇ) മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡുകളുടെ വിശദവിവരം അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്.† മൂന്നാം വർഷ മെയിന്റനൻസ്, രണ്ടാംഘട്ട അപ്ഗ്രഡേഷൻ എന്നിവ 2004 അവസാനം ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly